**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1213** **27-07-2021 - ൽ മറുപടിയ്ക്ക്**

**ടിക്കറ്റിതര വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തുന്നതിനായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) | കെ.എസ്.ആർ.ടി.സിയുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിൽ നിന്നും വരുമാനം ലഭിച്ച് വരുന്നു. കൂടാതെ കൊറിയർ പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം / ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. എല്ലാ ഷോപ്പിംഗ് കോംപ്ലക്സുകളിലും ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ Supplyco, Consumer fed മറ്റു പൊതുമേഖല സ്ഥാപനങ്ങൾ എന്നിവക്ക് lease / rent വ്യവസ്ഥയിൽ കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കെ.എസ്.ആർ.ടി.സി.യുടെ സർവീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ രൂപ മാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും, നിലവിൽ മിൽമ, കുടുമ്പശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. Scheduled Tribes Development Department-നു കെ.എസ്. ആർ.ടി.സി. യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ്-ഓൺ-വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി., ടി പദ്ധതിയിൽ |

താൽപര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ച് വരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരി ക്കുന്നതിന് സാധിക്കും. മൂന്നാറിൽ സ്ലീപർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതു ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതി നുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ "Sight seeing" എന്ന പദ്ധതിയും "conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. കൊവിഡ്-19 കിറ്റുകൾ കൊണ്ടു പോകുന്നതിന് കെ.എസ്.ആർ.ടി.സി ലോജിസ്റ്റിക്സ് എന്ന പേരിൽ കെ.എസ്.ആർ. ടി.സിയുടെ വാനുകൾ സജ്ജീകരിക്കുക വഴിയും ടിക്കറ്റിതര വരുമാനം കൂടുതലായി ലഭിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി ലോജിസ്റ്റിക്സ് എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കുവാനും സർക്കാർ, അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യസ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് ഇത് സഹായകരമാകും. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഉയർന്ന ഗുണമേന്മയും വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ തുടങ്ങി മുഴുവൻ ലൂബ്രിക്കന്റ്സുകളും പ്രമുഖ ഓയിൽ കമ്പനി കളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി രൂപ മാറ്റം വരുത്തിയ ബസ്സുകളിൽ വിതരണം ചെയ്യുന്നതിന് ലൂബ്ഷോപ്പ് എന്ന പദ്ധതി 2021 ജൂലൈ 23-ാം തീയതി ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ഡിപ്പോകളിലെ ഡീസൽ പമ്പുകൾ IOC മുതലായ വൻകിട എണ്ണ കമ്പനികളുടെ സഹകരണത്തോടെ പൊതു വാഹനങ്ങൾക്ക് കൂടി ഉപയോഗിക്കത്തക്ക രീതിയിൽ ഫ്യൂവൽ കോംപ്ലക്സ് (CNG + LNG + Electric vehicle charging + Diesel + Petrol) സ്ഥാപിക്കുന്നതോടൊപ്പം, പൊതുജനങ്ങൾ ക്ക് ആവശ്യം വരുന്ന സൗകര്യങ്ങൾ (public amenities), കഫറ്റേറിയ, ATM, റെസ്റ്റ് റൂമുകൾ ഒരുക്കുന്നതിനായിട്ടുള്ള നൂതന പദ്ധതിയും ആവിഷ്കരിച്ച് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. CNG, LNG ഔട്ട്ലറ്റുകൾ സ്ഥാപിക്കുകവഴിയും, കെ.എസ്.ആർ.ടി.സി യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിലൂടേയും KSRTCയുടെ വരുമാനത്തിൽ വൻ വർദ്ധനവ്

വരുത്തുന്നതിനു സാധിക്കും. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോമ്പ്ലക്സുകൾ കെ.എസ്. ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിനു (പൊതുമേഖല കെ.എസ്.ആർ.ടി.സി സംയുക്ത സംരംഭം) നൽകുന്നതിലൂടേയും വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് വിഭാവനം ചെയ്യുന്നു. കൂടാതെ പരസ്യ ലേല ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി e-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം / ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്‌പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും, ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുന്നതി നുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള 67 കൺസ്യൂമർ പമ്പുകളിൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകളിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗപ്പെടുത്തി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ഔട്ട്‌ലെറ്റുകൾ വഴി കെഎസ്ആർടിസി-യ്ക്ക് ഡീലർ കമ്മീഷൻ, പാട്ടവാടക എന്നിവ അധിക വരുമാനമായി ലഭിയ്ക്കുന്നതാണ്. ആദ്യ ഘട്ടത്തിൽ 8 ഡിപ്പോകളിൽ ഉടൻ തന്നെ റീട്ടെയിൽ ഫ്യൂൽ ഔട്ട്‌ലെറ്റുകൾ പ്രവർത്തനം തുടങ്ങുന്നതാണ്. കൂടാതെ സ്ക്രാപ്പ് ചെയ്യുന്ന ബസ്സുകൾക്ക് രൂപമാറ്റം വരുത്തി പൊതുമേഖലാ എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ 'ലൂബ് ഷോപ്പ്' എന്ന പദ്ധതിയിലൂടെ കെ.എസ്. ആർ.ടി.സി.ക്ക് നേരിട്ട് ലൂബ്രിക്കന്റ് വിൽപന നടത്തുന്നതാവുന്നതും, ഡീലർ കമ്മീഷൻ വഴി ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുകയും ഇതോടനു ബന്ധിച്ച് ഓയിൽ ചേയ്ഞ്ച് തുടങ്ങിയ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തു ന്നതു വഴി കൂടുതൽ വരുമാനം ലഭിയ്ക്കുന്നതുമാണ്. കെ.എസ്.ആർ.ടി.സി. യുടെ

| | | | |
|---|---|---|---|
| | | | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ വാണിജ്യ പ്രാധാന്യമുള്ള തിരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് കഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് ന്റെ നിർമ്മാണം KSRTCയുടെ Project Management Consultant ആയ M/s. HLL Lifecare Ltd. മുഖാന്തിരവും, M/s. Hindustan Prefab Ltd. മുഖാന്തിരവും ചെയ്തു പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. കൂടാതെ KSRTC-യുടെ മറ്റുള്ള പ്രധാന ബസ് സ്റ്റേഷനുകളിലും ആധുനിക ബസ് ടെർമിനൽ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി ഡിപ്പോകളോട് ചേർന്ന് പെട്രോൾ-ഡീസൽ പമ്പുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ? | (സി) | കെ.എസ്.ആർ.ടി.സി-യുടെ നിലവിലുള്ള 67 കൺസ്യൂമർ പമ്പുകളിൽ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗപ്പെടുത്തി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ 8 ഡിപ്പോകളിൽ ഉടൻ തന്നെ റീട്ടെയിൽ ഫ്യൂൽ ഔട്ട്ലെറ്റുകൾ പ്രവർത്തനം തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ